# കേരള സർവകലാശാല

നം. പി.ആർ.126/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

## കമ്മ്യൂണിറ്റി ക്വോട്ട : ബിരുദ പ്രവേശനം ഇന്ന് മുതൽ

കേരള സർവകലാശാലയിലെ എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകളിൽ 2016-17 അധ്യയനവർഷത്തിലേക്ക് കമ്മ്യൂണിറ്റി ക്വോട്ട വഴിയുള്ള ഒന്നാം വർഷ ബിരുദ പ്രവേശനം ജൂലൈ 16 മുതൽ അതത് കോളേജുകളിൽ ആരംഭിക്കും.

## അഫിലിയേറ്റഡ് ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ ഒന്നാം വർഷ ബി.എ./ ബി.എസ്.സി./ ബി.കോം/ ബി.വോക്/ ബി.ബി.എ പ്രോഗ്രാമുകളിലേക്ക് പ്രവേശനത്തിനുള്ള കേന്ദ്രീകൃത അലോട്ട്മെന്റ്. സപ്ലിമെന്ററി അലോട്ട്മെന്റ് : നിർദ്ദേശങ്ങൾ

2016-2017 അദ്ധ്യയന വർഷത്തെ ബിരുദ പ്രവേശനത്തിനുള്ള സപ്ലിമെന്ററി അലോട്ട്മെന്റ് http://admissions.keralauniversity.ac.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. അപേക്ഷകർക്ക് ആപ്ലിക്കേഷൻ നമ്പറും പാസ്‌വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് തങ്ങളുടെ അലോട്ട്മെന്റ് പരിശോധിക്കാവുന്നതാണ്. കേന്ദ്രീകൃത അലോട്ട്മെന്റ് സംവിധാനത്തിലൂടെ ഇതുവരെയും ഒരു കോളേജിലും പ്രവേശനം ലഭിക്കാത്തതും എന്നാൽ ഈ സപ്ലിമെന്ററി അലോട്ട്മെന്റിൽ പുതുതായി അലോട്ട്മെന്റ് ലഭിക്കുകയും ചെയ്തവർ അഡ്മിഷൻ ഫീസ് അടയ്ക്കുന്നതിനുള്ള ചെല്ലാൻ പ്രിന്റൗട്ടെടുത്ത് എസ്.ബി.ടി യുടെ ഏതെങ്കിലും ശാഖയിൽ ഫീസ് അടയ്ക്കേണ്ടതാണ് . അഡ്മിഷൻ ഫീസ് ജനറൽ വിഭാഗത്തിന് 1360 രൂപയും എസ്.സി./എസ്.ടി. വിഭാഗത്തിന് 675 രൂപയുമാണ്. ഇപ്രകാരം അഡ്മിഷൻ ഫീസ് അടച്ചവർ അഡ്മിഷൻ ഫീസ് അടച്ചതിന്റെ വിവരം വെബ്സൈറ്റിൽ നൽകിയ ശേഷം അലോട്ട്മെന്റ് മെമ്മോ പ്രിന്റെടുക്കേണ്ടതും മെമ്മോയിൽ പറഞ്ഞിരിക്കുന്ന കോളേജിൽ പ്രവേശനം നേടേണ്ടതുമാണ്. ഒന്ന്, രണ്ട്, മൂന്ന് അലോട്ട്മെന്റുകളിൽ അലോട്ട്മെന്റ് ലഭിച്ച ശേഷം കോളേജുകളിൽ പ്രവേശനം നേടാത്ത അപേക്ഷകരെ സപ്ലിമെന്ററി അലോട്ട്മെന്റിലേക്ക് പരിഗണിച്ചിട്ടില്ല. കോളേജുകളിൽ പ്രവേശനം നേടിയ ശേഷം തങ്ങളുടെ ഹയർ ഓപ്ഷനുകൾ നിലനിർത്തിയ അപേക്ഷകർക്ക് സപ്ലിമെന്ററി അലോട്ട്മെന്റിൽ തങ്ങളുടെ ഹയർ ഓപ്ഷനുകളിലേക്ക് അലോട്ട് മെന്റ് ലഭിച്ചാൽ നിർബന്ധമായും ഇപ്പോൾ പ്രവേശനം നേടിയിരിക്കുന്ന കോളേജിൽ നിന്ന് റ്റി.സി. വാങ്ങി പുതുതായി അലോട്ട്മെന്റ് ലഭിച്ച കോളേജിൽ പ്രവേശനം നേടേണ്ടതാണ്. ഇങ്ങനെയുള്ളവർ അഡ്മിഷൻ ഫീസ് വീണ്ടും അടയ്ക്കേണ്ടതില്ല.

**അലോട്ട്മെന്റ് മെമ്മോ:**

സപ്ലിമെന്ററി അലോട്ട്മെന്റിൽ പുതുതായി അലോട്ട്മെന്റ് ലഭിക്കുന്നവർക്ക് മുകളിൽ പറഞ്ഞിരിക്കുന്ന പ്രകാരം അഡ്മിഷൻ ഫീസ് അടച്ച വിവരം വെബ്സൈറ്റിൽ ചേർക്കുമ്പോൾ അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്യാവുന്നതാണ്. കോളേജിൽ പ്രവേശനം നേടിയ ശേഷം തങ്ങളുടെ ഹയർ ഓപ്ഷനിലേക്ക് സപ്ലിമെന്ററി അലോട്ട്മെന്റ് പ്രകാരം

അലോട്ട്മെന്റ് ലഭിക്കുന്നവർക്കും ലോഗിൻ ചെയ്ത് അലോട്ട്മെമ്മോ ഡൗൺലോഡ് ചെയ്യാം. അലോട്ട്മെന്റ് ലഭിച്ച കോളേജ്, കോഴ്സ്, കാറ്റഗറി, അഡ്മിഷൻ എടുക്കേണ്ട തീയതി എന്നിവ അലോട്ട്മെന്റ് മെമ്മോയിൽ ഉണ്ടായിരിക്കും. 2016 ജൂലായ് 18 വരെയാണ് കോളേജുകളിൽ അഡ്മിഷൻ എടുക്കേണ്ടത്. യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ അസൽ പകർപ്പുകൾ സഹിതം (കൂടുതൽ വിവരങ്ങൾക്ക് അലോട്ട്മെന്റ് മെമ്മോ കാണുക) മെമ്മോയിൽ പ്രസ്താവിച്ചിരിക്കുന്ന ദിവസം കോളേജിൽ ഹാജരായി അഡ്മിഷൻ എടുക്കേണ്ടതാണ്. അലോട്ട്മെന്റ് മെമ്മോയിൽ പറഞ്ഞിരിക്കുന്ന സമയത്ത് അതാത് കോളേജുകളിൽ അഡ്മിഷൻ എടുക്കാത്ത അപേക്ഷകരുടെ അലോട്ട്മെന്റ് റദ്ദാകുന്നതും അവരെ യാതൊരു കാരണവശാലും അടുത്ത അലോട്ട്മെന്റുകളിൽ പരിഗണിക്കുന്നതുമല്ല.

സപ്ലിമെന്ററി അലോട്ട്മെന്റ് പ്രകാരം ലഭിക്കുന്ന കോളേജ്/കോഴ്സ് എന്നിവയിൽ തൃപ്തരല്ലെങ്കിലും തുടർന്നുള്ള അലോട്ട്മെന്റുകൾ ഉണ്ടാകുകയാണെങ്കിൽ അവയിലേക്ക് പരിഗണിക്കപ്പെടേണ്ടതിനായി അലോട്ട്മെന്റ് മെമ്മോയിൽ പറഞ്ഞിരിക്കുന്ന സമയത്ത് അലോട്ട്മെന്റ് ലഭിച്ച കോളേജിൽ അഡ്മിഷൻ എടുക്കേണ്ടതാണ്. കോളേജുകളിൽ പ്രവേശനം നേടിയ ശേഷം ആ സീറ്റിൽ സംതൃപ്തരാണെങ്കിൽ അവരുടെ ഹയർ ഓപ്ഷനുകൾ 18.07.2016 വൈകുന്നേരം അഞ്ച് മണിവരെ നീക്കം ചെയ്യാം. നിലനിർത്തപ്പെടുന്ന ഹയർ ഓപ്ഷനുകൾ തുടർന്നുള്ള അലോട്ട്മെന്റിൽ പരിഗണിക്കുന്നതും പുതിയ അലോട്ട്മെന്റ് ലഭിക്കുന്ന പക്ഷം ആ സീറ്റ് നിർബന്ധമായും സ്വീകരിക്കേണ്ടതാണ്. മതിയായ കാരണങ്ങളാൽ ജൂലൈ 18 വരെ പ്രവേശനം നേടാൻ കഴിയാത്തവർക്ക് 19.07.2016 ഉച്ചയ്ക്ക് രണ്ട് മണിവരെ അതത് കോളേജുകളിൽ ഹാജരായി പ്രവേശനം നേടാവുന്നതാണ്.

## ബി.ഡി.എസ് ഫലം

കേരള സർവകലാശാല മാർച്ചിൽ നടത്തിയ മൂന്നാം ബി.ഡി.എസ് സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 30 വരെ അപേക്ഷിക്കാം.

## എം.എ അറബിക് വൈവ

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം നടത്തുന്ന എം.എ അറബിക് പരീക്ഷയുടെ വൈവ ആഗസ്റ്റ് 12, 13 തീയതികളിൽ കാര്യവട്ടം അറബിക് പഠനവകുപ്പിൽ നടത്തും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.ബി.എ ഫലം

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം നടത്തിയ അഞ്ചാം സെമസ്റ്റർ ബി.ബി.എ (2013 ബാച്ച്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പരീക്ഷാഫലം വിദൂരവിദ്യാഭ്യാസ വിഭാഗത്തിൽ നിന്നും ലഭിക്കും. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ആഗസ്റ്റ് 19 വരെ അപേക്ഷിക്കാം.

## എം.ടെക്/എം.പ്ലാനിംഗ്/എം.ആർക് ഫലം

കേരള സർവകലാശാല ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ ഫുൾടൈം എം.ടെക്/എം.പ്ലാനിംഗ്/എം.ആർക്, അഞ്ചാം സെമസ്റ്റർ പാർട്ട് ടൈം

എം.ടെക് പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

**സർവകലാശാല മന്ദിരം,**

തിരുവനന്തപുരം.

15.07.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**